**മധുരമായ കുട്ടികളേ - സർവ്വരേയും ഈ സന്തോഷ വാർത്ത കേൾപ്പിയ്ക്കൂ- ഇപ്പോൾ വീണ്ടും വിശ്വത്തിൽ ശാന്തി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, ആദിസനാതന ദേവീദേവതാ ധർമ്മം സ്ഥാപിക്കുന്നതിനു വേണ്ടി ബാബ വന്നിരിക്കുന്നു.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ബാബയെ ഓർമ്മിക്കുന്നതിനുള്ള സൂചന എപ്പോഴും നൽകുന്നത് എന്തുകൊണ്ടാണ്?

**ഉത്തരം:-** എന്തുകൊണ്ടെന്നാൽ സദാ ആരോഗ്യവാനും പാവനമാകുന്നതിനും വേണ്ടി തന്നെയാണ് ഓർമ്മ അതുകൊണ്ട് എപ്പോൾ സമയം ലഭിക്കുന്നോ ഓർമ്മയിലിരിക്കൂ. അതിരാവിലെ തന്നെ സ്നാനമെല്ലാം കഴിഞ്ഞ് ഏകാന്തതയിൽ ചുറ്റിക്കറങ്ങുകയോ ഇരിക്കുകയോ ചെയ്യൂ. ഇവിടെ സമ്പാദ്യം തന്നെ സമ്പാദ്യമാണ്. ഓർമ്മയിലൂടെ തന്നെ വിശ്വത്തിന്റെ അധികാരിയായി തീരും.

**ഓം ശാന്തി**. മധുരമായ കുട്ടികൾക്കറിയാം എല്ലാവരും ഈ സമയത്ത് വിശ്വത്തിൽ ശാന്തി വരണം എന്നാഗ്രഹിക്കുന്നു. വിശ്വത്തിൽ എങ്ങനെ ശാന്തി ഉണ്ടാകും? എന്ന വാചകം കേട്ടുകൊണ്ടേയിരിക്കുന്നു. എന്നാൽ വിശ്വത്തിൽ എപ്പോഴാണ് ശാന്തി ഉണ്ടായിരുന്നത് എന്നാർക്കും അറിയില്ല. ഇപ്പോൾ ആഗ്രഹിക്കുന്നുണ്ട്, എന്നാൽ ഇക്കാര്യം ആർക്കും അറിയില്ല. ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടായിരുന്നപ്പോൾ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു എന്ന കാര്യം നിങ്ങൾ കുട്ടികൾക്കറിയാം. ഇപ്പോഴും ലക്ഷ്മീ നാരായണന്റെ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നുണ്ട്. വിശ്വത്തിൽ 5000 വർഷങ്ങൾക്ക് മുൻപ് ശാന്തിയുണ്ടായിരുന്നു വീണ്ടും ശാന്തി സ്ഥാപിക്കപ്പെടുകയാണ് എന്ന കാര്യം നിങ്ങൾക്കാരോടു വേണമെങ്കിലും പറയുവാൻ സാധിക്കും. ആരാണ് സ്ഥാപിക്കുന്നത് എന്ന കാര്യം മനുഷ്യർക്കറിയില്ല. നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുന്നത് ആർക്ക് വേണമെങ്കിലും നിങ്ങൾക്ക് പറഞ്ഞുകൊടുക്കുവാൻ സാധിക്കും. നിങ്ങൾക്ക് എഴുതുവാനും സാധിക്കും. എന്നാൽ ഇപ്പോൾ വരേക്കും എഴുതുവാൻ ആർക്കും ധൈര്യം വന്നിട്ടില്ല. പത്രങ്ങളിലൊക്കെ വായിക്കാറുണ്ട് വിശ്വത്തിൽ ശാന്തി വേണമെന്ന് സർവ്വരും ആവശ്യപ്പെടുന്നതായി. യുദ്ധം നടക്കുമ്പോഴൊക്കെ മനുഷ്യർ വിശ്വത്തിൽ ശാന്തി വരാനായി യജ്ഞം രചിക്കുന്നു. ഏതു യജ്ഞം? രുദ്രയജ്ഞം രചിക്കുന്നു. ഇപ്പോൾ കുട്ടികൾക്കറിയാം ആരെയാണോ രുദ്രശിവൻ എന്ന് വിളിക്കുന്നത് ആ ബാബ ഇപ്പോൾ ജ്ഞാന യജ്ഞം രചിച്ചിരിക്കുന്നു. ഇപ്പോൾ വിശ്വത്തിൽ ശാന്തി സ്ഥാപിക്കപ്പെടുകയാണ്. പുതിയ ലോകമായ സത്യയുഗത്തിൽ ശാന്തിയുണ്ടായിരുന്നു അപ്പോൾ രാജ്യം ഭരിക്കുന്നവരുമുണ്ടായിരുന്നു. നിരാകാരിലോകത്തിൽ ശാന്തി വേണമെന്ന് നിങ്ങൾ പറയില്ല. അതു ശാന്തിധാമമാണ്. ബാബ എത്ര പറഞ്ഞുതന്നിട്ടും ചിലർ മറന്നു പോകുന്നു, ചിലർക്ക് ബുദ്ധിയുള്ളതുകൊണ്ട് മറ്റുള്ളവർക്കു മനസ്സിലാക്കി കൊടുക്കുന്നു. വിശ്വത്തിൽ ശാന്തി എങ്ങനെ വരും? വീണ്ടും സ്ഥാപിക്കപ്പെടുന്നതെങ്ങനെയാണ്. ഇതു പറഞ്ഞുകൊടുക്കുവാൻ സഹജമാണ്. ഭാരതത്തിൽ ആദിസനാതന ദേവീ ദേവതാ ധർമ്മത്തിന്റെ രാജ്യം ഉണ്ടായിരുന്നപ്പോൾ ഒരൊറ്റ ധർമ്മമേ ഉണ്ടായിരുന്നുള്ളു. വിശ്വത്തിൽ ശാന്തി ഉണ്ടായിരുന്നു, ഇതു മനസ്സിലാക്കികൊടുക്കുവാനും എഴുതുന്നതും സഹജമായ കാര്യമാണ്. വലിയ ക്ഷേത്രങ്ങൾ പണിയുന്നവർക്ക് നിങ്ങൾക്ക് എഴുതി അറിയിക്കാം, വിശ്വത്തിൽ 5000 വർഷങ്ങൾക്ക് മുൻപ് ശാന്തി ഉണ്ടായിരുന്നു ആ സമയത്ത് നിങ്ങൾ ക്ഷേത്രങ്ങൾ പണിയുന്ന ഈ ദേവതകളുടെ രാജ്യമായിരുന്നു. ഭാരതത്തിൽ ദേവതകളുടെ രാജ്യമായിരുന്നപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഇതു സഹജമായ, ബുദ്ധി പ്രവർത്തിപ്പിക്കേണ്ട കാര്യമാണ്. ഡ്രാമയനുസരിച്ച് പിന്നീടിക്കാര്യം എല്ലാവരും മനസ്സിലാക്കും. നിങ്ങൾക്ക് ഈ സന്തോഷവാർത്ത എല്ലാവരേയും അറിയിക്കാം, മനോഹരമായ കാർഡുകൾ പ്രിന്റു ചെയ്യുവാനും സാധിക്കും. വിശ്വത്തിൽ ശാന്തി ഇന്നേക്കു 5000 വർഷങ്ങൾക്ക് മുൻപുണ്ടായിരുന്നപ്പോൾ പുതിയ രാജ്യവും പുതിയ ഭാരതവുമായിരുന്നു. അപ്പോൾ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. വീണ്ടും വിശ്വത്തിൽ ശാന്തി സ്ഥാപിക്കപ്പെടുകയാണ്. ഇക്കാര്യങ്ങൾ ഓർമ്മിക്കുമ്പോൾ തന്നെ നിങ്ങൾ കുട്ടികൾക്ക് സന്തോഷം വരണം. ബാബയെ ഓർമ്മിച്ചാൽ നമ്മൾ വിശ്വത്തിന്റെ അധികാരികളാകും നിങ്ങൾക്കറിയാം. നിങ്ങൾ കുട്ടികളുടെ പുരുഷാർത്ഥമാണ് എല്ലാത്തിന്റേയും ആധാരം. ബാബ പറയുന്നു സമയം കിട്ടുമ്പോഴെല്ലാം ബാബയെ ഓർമ്മിക്കൂ. രാവിലെ സ്നാനം കഴിഞ്ഞ് ഏകാന്തമായി നടക്കുകയോ ഒരിടത്തിരിക്കുകയോ ചെയ്യൂ. ഇവിടെ(മധുബനിൽ) നല്ലതു പോലെ സമ്പാദിക്കണം. സദാ ആരോഗ്യശാലിയും, സദാ പാവനവുമായി മാറുന്നതിനാണ് ഓർമ്മിക്കുന്നത്. ഇവിടെ സന്ന്യാസിമാർ പവിത്രമാണെങ്കിലും അസുഖം തീർച്ചയായും വരും. ഇതു രോഗികളുടെ ലോകമാണ്. സത്യയുഗം നിരോഗീ ലോകമാണ്. ഇതും

നിങ്ങൾക്കറിയാം. സ്വർഗത്തിൽ എല്ലാവരും നിരോഗികളാണെന്ന് ലോകത്തിൽ ആരുമറിയുന്നില്ല, സ്വർഗ്ഗം എന്ന് വിളിക്കുന്നതെന്തിനെയാണെന്ന് ആർക്കും അറിയില്ല. നിങ്ങൾക്കിപ്പോൾ അറിയാം. ബാബ പറയുന്നു ആരെ കണ്ടാലും നിങ്ങൾക്ക് ഈ കാര്യം പറഞ്ഞു കൊടുക്കാം. ഞാൻ രാജാവാണ്, റാണിയാണ് എന്നാരെങ്കിലും പറയുന്നുവെങ്കിൽ അവരോടു പറയണം നിങ്ങൾ രാജാവോ റാണിയോ ഒന്നുമല്ല , ഇപ്പോൾ രാജാവും റാണിയും ഒന്നുമില്ല, ഇക്കാര്യം ബുദ്ധിയിൽ നിന്നും കളയണം. മഹാരാജാ- മഹാറാണി ശ്രീ ലക്ഷ്മീ നാരായണന്റെ രാജധാനി ഇപ്പോൾ സ്ഥാപിക്കപ്പെടുകയാണ്. അങ്ങനെയാണെകിൽ ഇവിടെ തീർച്ചയായും രാജാവും റാണിയും ഒന്നുമില്ല. ഞാൻ രാജാവാണ്, റാണിയാണ് ഇതെല്ലാം മറക്കണം. സാധരണ മനുഷ്യരെപ്പോലെ ജീവിക്കൂ. ഇവരുടെ അടുക്കൽ ധനവും സ്വർണ്ണവും ഉണ്ടായിരിക്കുമല്ലോ? ഇപ്പോൾ നിയമം നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഇതെല്ലാം കണ്ടുകെട്ടപ്പെടും. പിന്നീട് സാധാരണ മനുഷ്യരെപ്പോലെയാകും. ഇങ്ങനെയും യുക്തികൾ രചിക്കുകയാണ്, പറയാറില്ലേ ചിലരുടേത് മണ്ണോടു ചേരും, ചിലരുടേത് രാജാവെടുക്കും.... രാജാവൊന്നും ആരിൽ നിന്നും എടുക്കില്ല. ഇപ്പോൾ രാജാക്കന്മാരേയില്ലല്ലോ. ജനങ്ങൾ തന്നെ ജനങ്ങളുടേതെടുക്കുന്നു. ഇന്നത്തെക്കാലത്തെ ഭരണം വളരെ അദ്ഭുതകരമാണ്. രാജാക്കന്മാരുടെ പേര് പൂർണ്ണമായും ഇല്ലതാകുമ്പോൾ വീണ്ടും രാജധാനി സ്ഥാപിക്കപ്പെടും. നിങ്ങൾക്കിപ്പോൾ അറിയാം നമ്മൾ പോകുന്ന സ്ഥലത്ത് ശാന്തിയുണ്ടാകും. സുഖധാമമാണ്, സതോപ്രധാന ലോകം. അവിടേക്ക് പോവാനാണ് നമ്മൾ പുരുഷാർത്ഥം ചെയ്യുന്നത്. കുട്ടികൾ ആർഭാടത്തോടെ മനസ്സിലാക്കി കൊടുക്കാറുണ്ട്, പുറമേയുള്ള കൃത്രിമമായ ആഡംബരം പാടില്ല. ഇന്നത്തെകാലത്ത് ഒരുപാടു കൃത്രിമങ്ങൾ ഇറങ്ങിയിട്ടുണ്ട്, ഇവിടെ പാകമായ ബ്രഹ്മാകുമാർ കുമാരിമാരെയാണ് വേണ്ടത്.

നിങ്ങൾ ബ്രാഹ്മണർ ബ്രഹ്മാബാബയോടൊപ്പം വിശ്വത്തിൽ ശാന്തി സ്ഥാപിക്കുവാനുള്ള കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. അങ്ങനെ ശാന്തി സ്ഥാപിക്കുന്ന കുട്ടികൾ വളരെ ശാന്തചിത്തരും മധുരതയുള്ളവരും ആയിരിക്കണം എന്തുകൊണ്ടെന്നാൽ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുവാൻ നമ്മൾ നിമിത്തമാണെന്നവർക്കറിയാം. ആദ്യം നമ്മളിൽ വളരെയധികം ശാന്തി ഉണ്ടായിരിക്കണം. സംഭാഷണവും വളരെ സാവധാനവും രാജകീയവുമായിരിക്കണം. നിങ്ങൾ പൂർണ്ണമായും ഗുപ്തമാണ്. നിങ്ങളുടെ ബുദ്ധിയിൽ അവിനാശി ജ്ഞാന രത്നങ്ങളുടെ ഖജനാവ് നിറഞ്ഞിരിക്കുന്നു. നിങ്ങൾ ബാബയുടെ അവകാശികളാണ്. ബാബയുടെ അടുക്കൽ ഖജനാവുള്ളതു പോലെ നിങ്ങളും ഖജനാവു നിറക്കേണ്ടതായുണ്ട്. സമ്പത്ത് മുഴുവനും നിങ്ങളുടേതാണ്. എന്നാൽ ധൈര്യമില്ലെങ്കിൽ നേടുവാൻ സാധിക്കില്ല. നേടുന്നവർ തന്നെയാണ് ഉയർന്ന പദവി എടുക്കുന്നത്. ആർക്കെങ്കിലുമെല്ലാം പറഞ്ഞു കൊടുക്കാൻ താത്പര്യം ഉണ്ടായിരിക്കണം. ഭാരതത്തെ നമുക്ക് വീണ്ടും സ്വർഗ്ഗമാക്കണം. ജോലിയെല്ലാം ചെയ്യുന്നതിനോടൊപ്പം ഈ സേവനവും ചെയ്യണം. അതുകൊണ്ടാണ് ബാബ വേഗം-വേഗമെന്ന് പറയുന്നത്. എങ്കിലും ഡ്രാമയനുസരിച്ചേ നടക്കൂ. ഓരോരുത്തരും അവരവരുടെ സമയമനുസരിച്ച് പോകുകയാണ്, കുട്ടികളെക്കൊണ്ടു പുരുഷാർത്ഥം ചെയ്യിക്കുകയാണ്. ഇനി കുറച്ചു സമയമേ ഉള്ളൂ എന്ന് കുട്ടികൾക്കറിയാം. ഇതു നമ്മുടെ അന്തിമ ജന്മമാണ് വീണ്ടും നമ്മൾ സ്വർഗത്തിൽ വരും. ഈ ദുഃഖധാമം വീണ്ടും സുഖധാമമാകും. ആകുവാൻ സമയമെടുക്കുമല്ലോ. ഈ വിനാശം ചെറുതൊന്നുമായിരിക്കില്ല. പുതിയ വീടു പണിയുമ്പോൾ ഓർമ്മയിൽ മുഴുവനും പുതിയ വീടായിരിക്കും. അത് പരിധിയുള്ള കാര്യമാണ്. അവിടെ സംബന്ധങ്ങളൊന്നും മാറേണ്ടി വരുന്നില്ല. ഇവിടെ പഴയലോകം തന്നെ മാറുകയാണ് ശേഷം നല്ലതു പോലെ പഠിക്കുന്നവർ രാജതലത്തിൽ വരും. ഇല്ലെങ്കിൽ പ്രജയായി വരും. കുട്ടികൾ നല്ലതു പോലെ സന്തോഷിക്കണം. ബാബ പറയുകയാണ് 50-60 ജൻമത്തോളം നിങ്ങൾ സുഖം അനുഭവിക്കുന്നു. ദ്വാപരയുഗത്തിലും നിങ്ങളുടെ അടുക്കൽ ഒരുപാടു ധനമുണ്ടായിരിക്കും. ദുഃഖമെല്ലാം പിന്നീടാണ് വരുന്നത്. രാജാക്കന്മാരൊക്കെ പരസ്പരം യുദ്ധം നടത്തുമ്പോൾ ഭിന്നിപ്പുണ്ടാകുമ്പോൾ ദുഃഖമുണ്ടാകുന്നു. ദുഃഖം ആരംഭിക്കുന്നു. ആദ്യകാലത്ത് ധാന്യങ്ങളെല്ലാം വളരെ വിലക്കുറവിൽ ലഭിച്ചിരുന്നു. ക്ഷാമം മുതലായവയെല്ലാം പിന്നീട് വരുന്നതാണ്. നിങ്ങളുടെ അടുക്കൽ വളരെയധികം ധനം ഉണ്ടായിരിക്കും. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമാകുന്നത് പതുക്കെയാണ്. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്ക് ഉള്ളിൽ വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. സ്വയം തന്നെ സന്തോഷിക്കുന്നില്ല, ശാന്തിയില്ല എങ്കിൽ വിശ്വത്തിൽ എങ്ങനെ ശാന്തി സ്ഥാപിക്കും? വളരെപ്പേരുടെ ബുദ്ധി അശാന്തമാണ്. ശാന്തിയുടെ വരദാനം തരാനാണ് ബാബ വരുന്നത്. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ തമോപ്രധാനമായതു കാരണം അശാന്തമായ ആത്മാവു ഓർമ്മയിലൂടെ സതോപ്രധാനവും ശാന്തവുമാകും. എന്നാൽ കുട്ടികൾ പരിശ്രമിക്കുന്നില്ല. ഓർമ്മിക്കാത്തതു കാരണം മായയുടെ കൊടുങ്കാറ്റുകൾ വരുന്നു. ഓർമ്മിച്ച് പൂർണ്ണമായും പാവനമാകുന്നില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. പദവിയും ഭ്രഷ്ടമാകും. സ്വർഗ്ഗത്തിൽ എന്തായാലും പോകുമല്ലോ എന്ന്

വിചാരിക്കരുത്. എന്താ, ശിക്ഷയനുഭവിച്ച് ചില്ലിക്കാശിന്റെ സുഖം നേടുന്നത് നല്ലതായി തോന്നുന്നുണ്ടോ? മനുഷ്യർ ഉയർന്ന പദവി നേടുന്നതിന് വേണ്ടി എത്ര പരിശ്രമിക്കുന്നു. എന്തു കിട്ടുന്നുവോ അതുമതി അങ്ങനെയാകരുത്. പുരുഷാർത്ഥം ചെയ്യാത്തവരായി ആരും തന്നെ ഉണ്ടാകില്ല. ഭിക്ഷ യാചിക്കുന്ന സന്ന്യാസിമാർ പോലും പണം ശേഖരിച്ചു വയ്ക്കുന്നു. പണത്തോട് എല്ലാവർക്കും ആർത്തിയാണ്. പണത്തിലൂടെ എല്ലാ തരത്തിലുമുള്ള സുഖവും ലഭിക്കും. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ബാബയിൽ നിന്നും അളവറ്റ സുഖം നേടുകയാണ്. പുരുഷാർത്ഥം കുറഞ്ഞാൽ ധനവും കുറയും. ബാബ ധനം തരികയല്ലേ? പറയാറുണ്ട്, കാശുണ്ടെങ്കിൽ അമേരിക്കയിലൊക്കെ പോയിട്ടു വരൂ എന്ന്. നിങ്ങൾ ബാബയെ ഓർമ്മിക്കുന്നതിനനുസരിച്ച്, സേവനം ചെയ്യുന്നതിനനുസരിച്ച് സുഖം നേടും. ബാബ ഓരോ കാര്യത്തിലും പുരുഷാർത്ഥം ചെയ്യിക്കുന്നു, ഉയർന്നവരാക്കി മാറ്റുന്നു. ബാബ ചിന്തിക്കുന്നുണ്ട് കുട്ടികൾ ഈ കുലത്തിന്റെ പേര് പ്രസിദ്ധമാക്കും. നിങ്ങൾ കുട്ടികൾ ബാബയുടെ പേരും ഈ ഈശ്വരീയ കുലത്തിന്റെ പേരും പ്രസിദ്ധമാക്കണം. ഇവിടെ സത്യമായ ബാബ, സത്യമായ ടീച്ചർ , സത്ഗുരുവുമുണ്ട്. ഉയർന്നതിലും ഉയർന്ന അച്ഛനുമാണ്, ഉയർന്നതിലും ഉയർന്ന സത്ഗുരുവുമാണ്. ഇതും മനസ്സിലാക്കി തന്നതാണ്– ഗുരു ഒന്നേ ഉള്ളൂ, രണ്ടാമതൊരാൾ ഇല്ല. സർവ്വർക്കും സത്ഗതി നൽകിയത് ഒരാൾ മാത്രമാണ്. ഇതും നിങ്ങൾക്കറിയാം. ഇപ്പോൾ നിങ്ങൾ പവിഴബുദ്ധിയുള്ളവരായി മാറുന്നു. പവിഴപുരിയിലെ പവിഴനാഥനും പവിഴനാഥയുമാകുന്നു. എത്ര സഹജമായ കാര്യമാണ്. ഭാരതം ഗോൾഡൻ ഏജ് ആയിരുന്നു. വിശ്വത്തിൽ ശാന്തി എങ്ങനെയാണുണ്ടാകുന്നത് ഇക്കാര്യം നിങ്ങൾ ലക്ഷ്മീനാരായണന്റെ ചിത്രം വച്ച് പറഞ്ഞു കൊടുക്കൂ. സ്വർഗ്ഗത്തിൽ ശാന്തിയുണ്ടായിരുന്നു, ഇപ്പോൾ നരകമാണ്. ഇവിടെ അശാന്തിയാണ്. സ്വർഗത്തിലാണ് ഈ ലക്ഷ്മീ നാരയണൻ ജീവിച്ചിരുന്നത്. കൃഷണനെ പ്രഭോ കൃഷ്ണാ എന്ന് വിളിക്കുന്നു. കൃഷ്ണ ഭഗവാൻ എന്നും വിളിക്കുന്നു. പ്രഭുക്കന്മാർ ഒരുപാടു പേർ ഉണ്ട്. ഭൂസ്വത്തുള്ളവരെ ഭൂപ്രഭുക്കന്മാർ എന്ന് വിളിക്കുന്നു. കൃഷണൻ വിശ്വത്തിന്റെ രാജകുമാരനായിരുന്നു. രാധയും കൃഷ്ണനും തന്നെയാണ് ലക്ഷ്മീ–നാരായണൻ ആകുന്നതെന്നും ആർക്കും അറിയില്ല.

നിങ്ങളെക്കുറിച്ച് ആളുകൾ എന്തെല്ലാം കാര്യങ്ങൾ പറയുന്നു. പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളായ ബ്രാഹ്മണരെക്കുറിച്ച് തന്നെയാണ് പാടുന്നത്, ബ്രാഹ്മണ ദേവീ ദേവതായ നമഃ. ബ്രാഹ്മണരും അവരെ നമസ്കരിക്കുന്നു കാരണം അവർ സത്യമായ സഹോദരീ സഹോദരന്മാരാണ്, പവിത്രമായി ജീവിക്കുന്നു. പവിത്രതയെ തീർച്ചയായും ആദരിക്കും. കന്യകമാർ പവിത്രമായതു കൊണ്ട് അവരുടെ പാദം കഴുകുന്നു. പുറമേ നിന്ന് വരുന്ന അതിഥികളും അവരെ നമസ്കരിക്കും. ഈ സമയത്തും കന്യകമാരെ എന്തുകൊണ്ട് ഇത്രയും ആദരിക്കുന്നത്. കാരണം നിങ്ങൾ ബ്രഹ്മാകുമാർ കുമാരിമാരല്ലേ. കൂടുതലും നിങ്ങൾ കന്യകമാരാണല്ലോ? ശിവശക്തിപാണ്ഢവ സേന പ്രസിദ്ധമാണ്. ഇവിടെ പുരുഷന്മാരും ഉണ്ട്. കൂടുതലും മാതാക്കളായതുകൊണ്ടാണ് ഇങ്ങനെ പ്രസിദ്ധരായിരിക്കുന്നത്. നല്ല രീതിയിൽ പഠിക്കുന്നവർ ഉയർന്നവരാകുന്നു. ഇപ്പോൾ നിങ്ങൾ മുഴുവൻ ലോകത്തിന്റെയും ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കി. ചക്രം വച്ച് പറഞ്ഞുകൊടുക്കുവാനും വളരെ സഹജമാണ്. ഭാരതം പവിഴപുരിയായിരുന്നു, ഇപ്പോൾ കല്ലുബുദ്ധിയായിരിക്കുന്നു. അങ്ങനെയെങ്കിൽ എല്ലാവരും കല്ലുബുദ്ധിയാകണമല്ലോ. നിങ്ങൾ കുട്ടികൾ 84ന്റെ ചക്രം മനസ്സിലാക്കിയല്ലോ? ഇപ്പോൾ വീട്ടിലേക്കു പോകണം അതുകൊണ്ട് ബാബയെ ഓർമ്മിക്കണം, അപ്പോൾ പാപം മുറിയും. എന്നാൽ കുട്ടികൾ അലസത കാരണം ഓർമ്മിക്കുവാൻ പരിശ്രമിക്കുന്നില്ല. രാവിലെ എഴുന്നേൽക്കുന്നില്ല. എഴുന്നേറ്റാലും ലഹരി വരുന്നില്ല. ഉറക്കം വരുന്നതു കാരണം കിടന്നുറങ്ങും. നിരാശരാകുന്നു. ബാബ പറയുന്നു കുട്ടികളേ ഇതു യുദ്ധമൈതാനമല്ലേ. ഇവിടെ തളർന്നുപോകരുത്. ഓർമ്മയുടെ ബലത്തിലൂടെ മായയുടെ മേൽ വിജയം നേടണം. ഇക്കാര്യത്തിൽ പരിശ്രമിക്കണം. എത്രയോ നല്ല കുട്ടികൾ യഥാർത്ഥ രീതിയിൽ ഓർമ്മിക്കുന്നില്ല. ചാർട്ടു വച്ചാൽ ലാഭ നഷ്ടകണക്കുകൾ അറിയുവാൻ കഴിയും. ചാർട്ട് എന്റെ അവസ്ഥയെ അത്ഭുതമുള്ളതാക്കി എന്ന് പറയാറില്ലേ. വളരെ വിരളം പേരെ ഇങ്ങനെയൊക്കെ ചാർട്ട് വയ്ക്കുന്നുള്ളൂ. ഇതും വളരെ പരിശ്രമമുള്ള കാര്യമാണ്. കാപട്യം കാണിക്കുന്ന ഒരുപാടു പേർ വളരെയധികം സെന്ററുകളിൽ വരാറുണ്ട്. വികർമ്മം ചെയ്യുന്നു. ബാബയുടെ നിർദ്ദേശം പ്രാവർത്തികമാക്കാത്തതുകൊണ്ട് വളരെയധികം നഷ്ടം വരുത്തുന്നു. നിരാകാരനാണോ പറയുന്നത് സാകാരിയാണോ പറയുന്നത് എന്ന് കുട്ടികൾ മനസ്സിലാക്കുന്നില്ല. കുട്ടികളോടു അടിക്കടി പറയുന്നു– ശിവബാബയാണ് നിർദ്ദേശം തരുന്നത് എന്ന് സദാ മനസ്സിലാക്കൂ. അപ്പോൾ നിങ്ങളുടെ ബുദ്ധി മുകളിലേക്ക് പോകും.

ഇന്നത്തെക്കാലത്ത് വിവാഹനിശ്ചയത്തിനും ഫോട്ടോകൾ എടുക്കാറുണ്ട്. ഇന്നയാൾക്ക് വേണ്ടി നല്ല വീട്ടിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു എന്ന വാർത്ത പത്രത്തിൽ കൊടുക്കാറുണ്ട്. ലോകത്തിന്റെ അവസ്ഥ

എന്തായി, ഇനി എന്താകാനിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം പലതരത്തിലുള്ള മതങ്ങൾ ഉണ്ട്. നിങ്ങൾ ബ്രാഹ്മണർക്ക് ഒരൊറ്റ മതമേ ഉള്ളു. വിശ്വത്തിൽ ശാന്തി സ്ഥാപിക്കുവാനുള്ള മതം. നിങ്ങൾ ശ്രീമതമനുസരിച്ച് വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നവരായതു കൊണ്ട് കുട്ടികൾ ശാന്തരായിരിക്കണം. ആര് ചെയ്യുന്നുവോ അവർ നേടുന്നു. ഇല്ലെങ്കിൽ നഷ്ടം വർദ്ധിക്കും. ജന്മജന്മാന്തരത്തെ നഷ്ടമാകും. കുട്ടികളോടു പറയുന്നു തന്റെ ലാഭ-നഷ്ടം പരിശോധിക്കൂ. ഞാൻ ആർക്കും ദുഃഖം കൊടുക്കുന്നില്ലല്ലോ എന്ന് ചാർട്ട് പരിശോധിക്കൂ. ബാബ പറയുന്നു നിങ്ങളുടെ ഈ സമയത്തെ ഓരോ സെക്കന്റും വില പിടിച്ചതാണ്. അടി വാങ്ങിയിട്ട് ഗോതമ്പുണ്ട കഴിക്കുന്നത് വലിയ കാര്യമല്ലല്ലോ?. നിങ്ങൾക്ക് വലിയ ധനവാന്മാരാകണം എന്നാഗ്രഹം ഉണ്ടല്ലോ? ആദ്യമാദ്യം പൂജ്യരായിരുന്നവർ തന്നെ പൂജാരികൾ ആകണം. ധനം ഒരുപാടുണ്ടാകും സോമനാഥന്റെ ക്ഷേത്രം പണിയും അപ്പോൾ പൂജയും നടത്തും. ഇതുമൊരു കണക്കാണ്. കുട്ടികൾക്ക് വീണ്ടും മനസ്സിലാക്കി തരികയാണ് ചാർട്ടു വയ്ക്കൂ എങ്കിൽ വളരെ ലാഭം ഉണ്ടാകും. നോട്ടു ചെയ്യണം. എല്ലാവർക്കും സന്ദേശം കൊടുത്തുകൊണ്ടേ പോകൂ നിശബ്ദരായിരിക്കരുത്. ട്രെയിനിലും മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്ത് പുസ്തകങ്ങൾ നൽകൂ. ഇത് കോടിക്കണക്കിന് രൂപയുടെ സമ്പാദ്യമാണെന്ന് പറയൂ. ഭാരതത്തിൽ ലക്ഷ്മീ നാരായണന്റെ രാജ്യം ഉണ്ടായിരുന്നപ്പോൾ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. ഇപ്പോൾ വീണ്ടും രാജധാനി സ്ഥാപിക്കുവാൻ വേണ്ടി വന്നിരക്കുകയാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും, വിശ്വത്തിൽ ശാന്തിയും ഉണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) നമ്മൾ വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നതിന് വേണ്ടി നിമിത്തമായിരിക്കുന്ന ബ്രാഹ്മണരാണ്, നമ്മൾ വളരെയധികം ശാന്തചിത്തരായിരിക്കണം, വളരെ പതുക്കെ രാജകീയതയോടെ സംസാരിക്കണം.

2) ആലസ്യമുപേക്ഷിച്ചു ഓർമ്മിക്കുവാൻ പരിശ്രമിക്കണം. ഒരിക്കലും നിരാശരാകരുത്.

## വരദാനം:- പരീക്ഷയിൽ പരിഭ്രമിക്കുന്നതിനു പകരം ഫുൾസ്റ്റോപ് കൊടുത്ത് ഫുൾപാസാകുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ.

എപ്പോഴെങ്കിലും ഏതെങ്കിലും തരത്തിലുള്ള പരീക്ഷ വരികയാണെങ്കിൽ പരിഭ്രമിക്കരുത്, ചോദ്യചിഹ്നത്തിലേക്ക് വരരുത്, ഇത് എന്തുകൊണ്ട് വന്നു? ഇത് ചിന്തിക്കുന്നതിൽ സമയം പാഴാക്കാതിരിക്കൂ. ചോദ്യചിഹ്നം സമാപ്തം, ഫുൾസ്റ്റോപ്. അപ്പോൾ ക്ലാസ് മാറ്റമുണ്ടാകും അതായത് പരീക്ഷയിൽ പാസാകും. ഫുൾസ്റ്റോപ് ഇടുന്നവർ ഇടുന്നവർ ഫുൾപാസാകും എന്തെന്നാൽ ഫുൾസ്റ്റോപ് ആണ് ബിന്ദുവിന്റെ സ്റ്റേജ്. കണ്ടിട്ടും കാണാതിരിക്കൂ, കേട്ടിട്ടും കേൾക്കാതിരിക്കൂ. ബാബ കേൾപ്പിച്ചത് കേൾക്കൂ, ബാബ എന്തു നൽകി അതു കാണൂ എങ്കിൽ ഫുൾപാസാകും, പാസാകുന്നതിന്റെ ലക്ഷണമാണ്- സദാ ഉയരുന്ന കലയുടെ അനുഭവം ചെയ്തുകൊണ്ട് സഫലതാനക്ഷത്രമാകും.

## സ്ലോഗൻ:- സ്വഉന്നതി ചെയ്യണമെങ്കിൽ ക്വസ്റ്റ്യൻ(ചോദ്യം), കറക്ഷൻ(തിരുത്തൽ), കൊട്ടേഷൻ(പിടികൂടൽ) എന്നിവ ത്യാഗം ചെയ്ത് തന്റെ കണക്ഷൻ(യോഗം) ശരിയാക്കി വെക്കൂ.

**അവ്യക്തസൂചനകൾ: സങ്കൽപങ്ങളുടെ ശക്തി ശേഖരിച്ച് ശ്രേഷ്ഠസേവനത്തിന് നിമിത്തമാകൂ**
അന്തിമസമയത്ത് സ്വന്തം സുരക്ഷയ്ക്ക് മനസാ ശക്തിയേ മാർഗമാകുകയുള്ളൂ. മനസാ ശക്തിയിലൂടെ തന്നെയേ സ്വയത്തിന്റെ അന്ത്യം സുഖപ്രദമാക്കുവാൻ നിമിത്തമാകൂ. ആ സമയം മനസാശക്തി അതായത് ശ്രേഷ്ഠസങ്കൽപത്തിന്റെ ശക്തി, ഒന്നിനോട്(ബാബ) ലൈൻ ക്ലിയർ ആയിരിക്കണം. പരിധിയില്ലാത്ത സേവനത്തിന്, സ്വയത്തിന്റെ സുരക്ഷയ്ക്ക് മനസാ ശക്തിയും നിർഭയതയുടെ ശക്തിയും ശേഖരിക്കൂ.